## അടുക്കളയിലെ മുൻ കരുതലുകൾ

- പാചകം കഴിഞ്ഞാലുടൻ ഗ്യാസ് ഓഫ് ചെയ്തെന്ന് ഉറപ്പാക്കുക.
- പാചകം കഴിഞ്ഞ് വിറകടുപ്പിലെ തീ കെടുത്തി എന്ന് ഉറപ്പുവരുത്തുക.
- പാചകം ചെയ്യുമ്പോൾ സിന്തറ്റിക് വസ്ത്രങ്ങൾ, അയഞ്ഞ വസ്ത്രങ്ങൾ എന്നിവ ഉപയോഗിക്കരുത്. മുടി പുറകിലാക്കി കെട്ടിവയ്ക്കുക.



- ഒരു കണക്ഷനിൻ തന്നെ ഒന്നിൽ കൂടുതൽ ഇലക്ട്രിക്ക് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കരുത്. ഇത് വയർ ചൂടായി തീപിടിത്തം ഉണ്ടാകാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു.
- അടുക്കളയിൽ കുട്ടികളെ ഒറ്റയ്ക്ക് നിർത്താൻ പാടില്ല.
- പാചകം നടക്കുമ്പോൾ മുതിർന്നവർ എപ്പോഴും അടുക്കളയിൽ ഉണ്ടാകണം.
- കത്തുന്ന അടുപ്പിൽ വച്ചിരിക്കുന്ന പാത്രങ്ങളുടെ കൈപ്പിടികൾ കുട്ടികൾക്ക് സ്പർശിക്കാൻ സാധിക്കാത്ത വിധത്തിൽ വയ്ക്കുക.

## അടുക്കളയിൽ ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

- സ്റ്റൗവിന്റെ ബർണ്ണറിന്റെ അടുത്തായി പാത്രം സൂക്ഷിക്കുന്ന സ്റ്റാന്റ്, ടവ്വൽ എന്നിവ വയ്ക്കരുത്.



- സ്റ്റൗവിന് മുകളിലായി കാബിനെറ്റിൽ/ ഷെൽഫിൽ സാധനങ്ങൾ വയ്ക്കരുത്. ചിലപ്പോൾ കുട്ടികൾ അവയെടുക്കാൻ ശ്രമിക്കുന്നതിനിടയിൽ തീ പടർന്നു പിടിച്ചേക്കാം.
- അടുപ്പിന് മുകളിലൂടെ ആഞ്ഞ് ഒന്നും എടുക്കാൻ ശ്രമിക്കരുത്.
- മണ്ണെണ്ണയും പെട്ടെന്ന് കത്തിപിടിക്കുന്ന മറ്റു വസ്തുക്കളും അടുപ്പിനടത്തു വയ്ക്കരുത്.
- കുക്കിങ് ഓവന്റെ വാതിലിനടുത്ത് കുട്ടികൾ പോകാൻ അനുവദിക്കരുത്.
- അടുപ്പിനടുത്തുപോയി ചൂടുകായാൻ ശ്രമിക്കരുത്.





**സഹായത്തിന് വിളിക്കുക : 101**



State Emergency Operations Centre (SEOC)
State Disaster Management Authority,
Dept. of Revenue and Disaster management, Govt. of Kerala
Tel : 0471 2364424 / Web : www.disasterlesskerala.org

**Contact Address**
ILDM, PTP Nagar, Thiruvananthapuram - 695 038

State Disaster Control Room - 1070 / 0471- 2331639

# തീപിടുത്തം

## ജാഗ്രതാ നിർദ്ദേശങ്ങൾ



## കാലാവസ്ഥാ വ്യതിയാന ദുരന്ത സാധ്യതാ ലഘൂകരണ പരിപാടി

### പങ്കാളികൾ

*"Towards a safer State"*

ഖര-ദ്രാവക-വാതക രൂപത്തിലുള്ള ഇന്ധനങ്ങൾ കത്തുന്നതുമൂലമാണ് പ്രധാനമായും തീപിടുത്തങ്ങൾ ഉണ്ടാകുന്നത്. ജനങ്ങൾ തിങ്ങി പാർക്കുന്ന സ്ഥലങ്ങളിൽ ഇവ സംഭവിക്കുമ്പോൾ തീ പെട്ടെന്ന് പടർന്നു പിടിക്കുകയും ജീവനും സ്വത്തിനും നാശനഷ്ടങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അശ്രദ്ധമായി ഭക്ഷണം പാകം ചെയ്യുമ്പോൾ ഉണ്ടാകുന്ന തീപിടുത്തവും സർവ്വസാധാരണമാണ്. പെട്ടെന്നു തീപിടിക്കുന്ന സാധനങ്ങൾ, കത്തിച്ച സിഗരറ്റ് എന്നിവ ചപ്പു ചവറുകളിൽ വലിച്ചെറിയുന്നതുമൂലം ഉണ്ടാകുന്ന തീപിടുത്തങ്ങളും ചെറുതല്ല. തീപിടിക്കാൻ സാധ്യതയുള്ള സാധനങ്ങൾ സൂക്ഷ്മതയോടെയും നിയന്ത്രിതമായും ഉപയോഗിക്കുന്നതിലൂടെ തീപിടുത്തം മൂലമുള്ള അപകടങ്ങൾ ഒരു പരിധിവരെ കുറയ്ക്കാവുന്നതാണ്.



കാട്ടിലെ മരങ്ങൾക്കോ ഉണങ്ങിയ പുല്ലുകൾക്കോ ഉണ്ടാകുന്ന തീപിടുത്തത്തെയാണ് കാട്ടുതീ എന്നു പറയുന്നത്. ഇതിൽ കൂടുതലും മനുഷ്യപ്രേരിതമായാണ് ഉണ്ടാകുന്നത്. ചില സമയങ്ങളിൽ ശക്തമായ ഇടിമിന്നലിന്റെ ഫലമായും ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാകുന്നു.

## വൈദ്യുത പ്രവാഹ – മൂലം ഉണ്ടാകുന്ന തീപിടുത്തം

പ്രകൃതിക്ഷോഭങ്ങളായ ഭൂമികുലുക്കം, കൊടുങ്കാറ്റ് എന്നിവ ഉണ്ടാകുമ്പോൾ വൈദ്യുത വിതരണ ശൃംഖലയ്ക്ക് തകരാറുകൾ സംഭവിക്കുകയും തീപിടിത്തം ഉണ്ടാകുകയും ചെയ്യുന്നു. വൈദ്യുതോപകരണങ്ങൾക്കുണ്ടാകുന്ന നിർമ്മാണ വൈകല്യങ്ങളും, മനുഷ്യന്റെ അശ്രദ്ധയും ഇത്തരം തീപിടുത്തങ്ങൾക്കു കാരണമാകാറുണ്ട്.

## തീ പടർന്നു പിടിച്ചാൽ എന്തുചെയ്യണം ?

- പരിഭ്രാന്തരാകാതെ വീട്ടിൽ നിന്നും പുറത്തിറങ്ങുക
- വീട്ടിലുള്ള മറ്റംഗങ്ങൾക്ക് മുന്നറിയിപ്പ് നൽകുക
- മുകളിലത്തെ നിലയിലാണെങ്കിൽ പടികൾ വഴി മാത്രം താഴെയിറങ്ങുക. ലിഫ്റ്റ് ഉപയോഗിക്കരുത്.
- വസ്ത്രത്തിനു തീ പിടിച്ചാൽ, ഒരിക്കലും ഓടാൻ പാടില്ല. നിൽക്കുന്ന സ്ഥലത്ത് വീണു കിടന്ന് ഉരുളുക. *(ചിത്രം നോക്കുക)*
- പുക അകത്തേക്ക് കടക്കാതിരിക്കാൻ ഒരു നനഞ്ഞ ടവ്വൽ വാതിലിന്റെ താഴെ ഭാഗത്ത് ഇടുക.
- അടുത്തുള്ള ഫയർ സ്റ്റേഷനിൽ വിവരം അറിയിക്കുക.



## സുരക്ഷാ മാർഗ്ഗങ്ങൾ / മുൻ കരുതലുകൾ

- അടുത്തുള്ള ഫയർ സ്റ്റേഷന്റെ നമ്പർ എല്ലാ കുടുംബാംഗങ്ങളും അറിഞ്ഞിരിക്കുക
- തീപ്പെട്ടി, ലൈറ്റർ എന്നിവ കുട്ടികൾക്ക് കൈയ്യെത്തുന്ന സ്ഥലത്തു നിന്നും മാറ്റി വയ്ക്കുക.
- തീ കിടപ്പുമുറിയിലേക്ക് പടരുന്നത് തടയാൻ മുറി അടച്ചിട്ട ശേഷം മാത്രം ഉറങ്ങുക.



## കെട്ടിടത്തിലെ അപായ സൂചനകൾ പ്രവർത്തിക്കുന്നില്ലെങ്കിൽ

- പുറത്ത് പുക കാണുന്നില്ലെങ്കിൽ പുറത്തേക്ക് ഇറങ്ങുക. മുകളിലത്തെ നിലയിലാണെങ്കിൽ പടികൾ വഴി മാത്രം താഴേക്കിറങ്ങുക.
- കെട്ടിടത്തിനകത്ത് പുക നിറഞ്ഞാൽ അവയ്ക്ക് താഴെയായി തറയിൽ കുനിഞ്ഞു നിൽകുക.
- അപകട വിവരം അടുത്തുള്ള പോലീസ് സ്റ്റേഷൻ, ഫയർ സ്റ്റേഷൻ എന്നിവിടങ്ങളിൽ അറിയിക്കുക.
- വീടിനു ബാൽക്കെണി ഉണ്ടെങ്കിൽ, അവിടെ തീ പിടിച്ചിട്ടില്ലെങ്കിൽ അവിടേയ്ക്ക് പോകുക.
- നിലത്ത് തീ പടർന്നിട്ടില്ലെങ്കിൽ ജനാലയ്ക്കടുത്തു പോയി അത് തുറന്നിട്ട് അതിന്റെ അരികിൽ നിൽക്കുക.



- നിലത്ത് തീ പടർന്നിട്ടുണ്ടെങ്കിൽ - ജനലിലൂടെ പുറത്തു കടക്കാൻ ശ്രമിക്കരുത്. ജനാല തുറക്കാതെ അതിന്റെ അരികിൽ നിൽക്കുക.
- ജനലിനടുത്തായി ബഡ്ഷീറ്റ്, ടവ്വൽ എന്നിവ തൂക്കിയിടുക മറ്റുള്ളവർക്ക് നിങ്ങളെ കണ്ടെത്തുന്നതിനും സഹായം എത്തിക്കുന്നതിനും ഇതു കൊണ്ട് കഴിഞ്ഞേക്കാം.
- രക്ഷാപ്രവർത്തകർ വരുന്നതുവരെ ശാന്തരായിരിക്കുക.



## അടുക്കളിലെ തീപിടുത്തം

വീടുകളിൽ ഉണ്ടാകുന്ന തീപിടുത്തത്തിന്റെ ഒരു പ്രധാന സ്രോതസ്സ് അടുക്കളയിലെ അടുപ്പു തന്നെയാണ്. കുടുംബാഗങ്ങളുടെ ഭാഗത്തു നിന്നുണ്ടാകുന്ന ചെറിയ അശ്രദ്ധപോലും മുഴുവൻ വീടിനെത്തന്നെയും നശിപ്പിക്കാൻ കഴിവുള്ള തീ പിടുത്തത്തിലേക്കേ നയിക്കൂ. പെട്ടെന്നു കത്തുന്ന വസ്തുക്കളോ ഇന്ധനങ്ങളോ സമീപത്തുണ്ടെങ്കിൽ അപകടം വളരെ വലുതായിത്തീരും. അടുക്കളയിൽ നാം ഉപയോഗിക്കുന്ന അടുപ്പിനെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അറിഞ്ഞിരിക്കേണ്ടതാണ്. ശരിയായ മുൻകരുതൽ എടുക്കുന്നത് വൻ അഗ്നിബാധ ഉണ്ടാകുന്നത് തടയാൻ സഹായിക്കുന്നു.